അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

83 [1260] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന ആഹാരപദാർത്ഥങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഏതു വകുപ്പിന്റെ കീഴിലാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുകയെന്ന് വെളിപ്പെടുത്തുമോ;

(സി) ഭക്ഷ്യപദാർത്ഥങ്ങൾ വൃത്തിഹീനമായ സാഹചര്യത്തിൽ സൂക്ഷിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഈ സംസ്ഥാനത്ത് എത്തുന്ന ആഹാര പദാർത്ഥങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനുവേണ്ട സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. കൂടാതെ ചെക്കുപോസ്റ്റുകളിൽ ഭക്ഷ്യസാധനങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്ന രീതിയും നടപ്പിലാക്കാൻ ഉദ്ദേശമുണ്ട്.

(ബി) സംസ്ഥാന പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ.

(സി) 1954-ലെ പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ ആക്ടനുസരിച്ച്, ഭക്ഷ്യപദാർത്ഥങ്ങൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ സൂക്ഷിക്കുന്നതു തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗരപ്രദേശങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരും ഗ്രാമപ്രദേശങ്ങളിൽ ഫുഡ് ഇൻസ്പെക്ടർമാരും ഇതിന്റെ ചുമതല വഹിക്കുന്നു. ആഹാര സാധനങ്ങൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ കണ്ടാൽ ഉടനടി പിടിച്ചെടുത്ത് നശിപ്പിക്കാൻ ഹെൽത്ത് ഇൻസ്പെക്ടർമാരെയും ഫുഡ് ഇൻസ്പെക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ, ചീഫ് ഫുഡ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ മൊബൈൽ വിജിലൻസ് സ്ക്വാഡുകളും ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഞ്ചായത്തീരാജ്/നഗരപാലിക നിയമപ്രകാരം ആരോഗ്യവകുപ്പ് കൈമാറിയിട്ടുള്ള അധികാരങ്ങൾ

84 [1261] ശ്രീ. ടി. ചാത്തു:
,, സി. പി. നാരായണൻ:
,, എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തീരാജ്/നഗരപാലിക നിയമപ്രകാരം ആരോഗ്യ വകുപ്പ് എന്തെല്ലാം അധികാരങ്ങളാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതനുസരിച്ച് ഏതെല്ലാം അധികാരങ്ങളാണ് പ്രസ്തുത സമിതികൾക്ക് വിട്ടുകൊടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) അധികാരം കൈമാറിക്കൊണ്ടുള്ള ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) എങ്കിൽ കൈമാറിയിട്ടുള്ള അധികാരങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ,ബി,സി & ഡി.) ഇതു സംബന്ധമായി ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഗ്ലിസറിൻ മാഗ്സൽഫ്

85 [1262] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ വൈഗായ് ഫാർമസ്യൂട്ടിക്കൽസ് ഉൽപ്പാദിപ്പിക്കുന്ന ഗ്ലിസറിൻ മാഗ്സെൽഫ് എന്ന ഔഷധത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ അവയിൽ ഗ്ലിസറിൻ ഇല്ലെന്നോ കുറവുള്ളതാണെന്നോ അനലിസ്റ്റുമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;

(ബി) ഫോർമുലപ്രകാരം ഗ്ലിസറിൻ ചേർക്കാതെ അവയിൽ ഗ്ലിസറിനുപകരം ഡോർലിറോളോ വെള്ളമോ ചേർത്തതായി ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ അനലിസ്റ്റുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പ്രസ്തുത ഔഷധം ഗുണനിലവാരം ഉള്ളതാണെന്ന നിലയിൽ വിപണിയിൽ വിറ്റഴിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി

86 [1264] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി ആരംഭിച്ചിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജുകളിൽ ഒരു കേന്ദ്രീകൃത ലബോറട്ടറി ആരംഭിക്കുന്നതിനുള്ള നടപടി എന്തായി?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

5. ആയുർവേദ കോളേജ് ജംഗ്ഷൻ മുതൽ കുന്നുംപുറം ജംഗ്ഷൻ വരെയുള്ള റോഡിൽ വൈകിട്ട് 5 മണി മുതൽ രാത്രി 10 മണിവരെ പ്രവേശനം പടിഞ്ഞാറുനിന്നും കിഴക്കോട്ടുമാത്രം.

6. ധർമ്മാലയം റോഡ്—പ്രവേശനം പടിഞ്ഞാറ് നിന്ന് മാത്രം.

7. മേലേ പഴവങ്ങാടി ജംഗ്ഷൻ മുതൽ തകരപ്പറമ്പ് ജംഗ്ഷൻ വരെയുള്ള റോഡിൽ പ്രവേശനം കിഴക്കുനിന്നും പടിഞ്ഞാറോട്ട് മാത്രം.

8. മേലേ പഴവങ്ങാടി മുതൽ പവർ ഹൗസ് ജംഗ്ഷൻ വരെയുള്ള റോഡ്— പ്രവേശനം പടിഞ്ഞാറുനിന്നും കിഴക്കോട്ട് മാത്രം.

9. ആയുർവേദ കോളേജ് ജംഗ്ഷൻ മുതൽ ചെട്ടികുളങ്ങര ജംഗ്ഷൻ വരെയുള്ള റോഡ്—ഹെവി വെഹിക്കിൾസിനുമാത്രം വടക്കുനിന്നും തെക്കോട്ടുള്ള പ്രവേശനം നിരോധിച്ചിരിക്കുന്നു.

10. സ്പെൻസർ ജംഗ്ഷൻ മുതൽ ഗ്യാസ് ഹൗസ് ജംഗ്ഷൻ വരെയുള്ള റോഡ്—പ്രവേശനം സ്പെൻസർ ജംഗ്ഷനിൽനിന്നു മാത്രം.

11. ആര്യശാല ജംഗ്ഷൻ മുതൽ ഗാന്ധിപാർക്ക് ജംഗ്ഷൻ വരെയുള്ള ചാല റോഡിലേക്ക് സഭാപതി കോവിൽ തെരുവ് ഒഴികെ മറ്റുള്ള ഇടറോഡുകളിൽ നിന്നും പ്രവേശനം ഇല്ല.

അനുബന്ധം III

[13-3-1996-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 84 (1261) കാണുക.]

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

ജി. ഒ. (പി) നം. 566/95/ ആ.കു.വ. തിരുവനന്തപുരം, 1995 ഡിസംബർ 23.

സംഗ്രഹം.—അധികാരവികേന്ദ്രീകരണം—ആരോഗ്യവകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ—ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം.—18-9-1995-ലെ സർക്കാർ ഉത്തരവ് (പി) നം. 189/95/ത.ഭ.വ.

ഉത്തരവ്

മുകളിൽ പരാമർശിച്ച ഉത്തരവുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരുന്ന ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാം ചെയ്തുകൊണ്ട് ഉത്തരവായിരുന്നു. ആരോഗ്യവകുപ്പിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

കൈമാറുന്ന അധികാര–അവകാശങ്ങളും സംബന്ധിച്ച പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായി അവകാശങ്ങളും അധികാരങ്ങളും കൈമാറം നടത്തേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. ശ്രീനിവാസൻ,
ജോയിൻറ് സെക്രട്ടറി.

ആരോഗ്യവകുപ്പിൽനിന്നും സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര–അവകാശങ്ങളും സംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങളും

1. ഭരണപരമായ അധികാരങ്ങളും

1. ഗ്രാമപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ കീഴിൽ വരുന്ന ആരോഗ്യവകുപ്പിലെ സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

2. ഈ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി. എസ്. സി.-യുടെ ലിസ്റ്റ് നിലവിലില്ലാതിരിക്കുകയും, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ഡോക്ടർമാരെ ലഭ്യമല്ലാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ താൽക്കാലികമായി ഒരു വർഷത്തേക്കോ, സ്ഥിരം ഉദ്യോഗാർത്ഥികൾ വരുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അധികാരമുണ്ടായിരിക്കും. ഈ നിയമനം സർക്കാർ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം.

3. മറ്റ് തസ്തികകളിലെ ഒഴിവുകളും പി.എസ്.സി. ലിസ്റ്റില്ലാതെ വരുമ്പോൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന സർക്കാർ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നികത്താവുന്നതാണ്.

4. എല്ലാ വിഭാഗത്തിലേയും സ്ഥാപനമേധാവികളുടെ കാഷ്വൽ അവധി അനുവദിക്കാവുന്നതാണ്.

5. എല്ലാ വിഭാഗം ജീവനക്കാരുടെയും മറ്റ് അവധികളുടെ കാര്യത്തിൽ പകരക്കാരെ നിയമിക്കേണ്ടാത്ത കാലയളവിലേക്കായുള്ളതാണെങ്കിൽ അനുവദിക്കാവുന്നതാണ്. ഇത്തരം അവധി അനുവദിക്കുമ്പോൾ ഉത്തരവിൻറെ പകർപ്പ് അതാത് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

6. എല്ലാ വിഭാഗം ജീവനക്കാരുടേയും പേരിൽ 1960–ലെ കേരളാ സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആൻറ് അപ്പീൽ) ചട്ടപ്രകാരമുള്ള മൈനർ ശിക്ഷകൾ നൽകാൻ അധികാരം ഉണ്ടായിരിക്കും.

2. സാമ്പത്തികാധികാരങ്ങൾ

1. സ്റ്റോഴ്സ് പർച്ചേസ് ചട്ടത്തിനും കാലാകാലങ്ങളിൽ സർക്കാർ ഇത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി ആശുപത്രികളിലേക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ, യൂണിഫോം തുണികൾ, ഉപകരണങ്ങൾ, മറ്റ് സാധനങ്ങൾ (മരുന്നും മറ്റ് മെഡിക്കൽ സപ്ലൈസും ഒഴികെ) ഇവ ബഡ്ജറിൽ വക കൊള്ളിച്ചിട്ടുള്ള തുകയ്ക്ക് ആനുസ്മൃതമായി വാങ്ങുന്നതിന് അധികാരമുണ്ടായിരിക്കും.

2. ഈ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് അധികാരം ഉണ്ടായിരിക്കും. ഈ അനുമതി നൽകുന്നതിന് ആ വർഷത്തെ ബഡ്ജറിൽ ആകെ എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം വകയിരുത്തിയിട്ടുണ്ടാകണം. സ്വന്തം ഫണ്ടോ സംഭാവന വക ലഭ്യമാകുന്ന ഫണ്ടോ പ്രകാരമുള്ള ഏതു പ്രവർത്തനങ്ങൾക്കും ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

3. ഈ സ്ഥാപനങ്ങളിലെ എല്ലാവിധ അറ്റകുറ്റപ്പണികൾക്കും ബഡ്ജറ് തുകയ്ക്ക് അനുസ്മൃതമായി അനുമതി നൽകാവുന്നതാണ്.

4. ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വികസനത്തിനുമായി സംഭാവന സ്വീകരിക്കുന്നതിന് അധികാരം ഉണ്ടായിരിക്കും.

5. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ഫലവൃക്ഷങ്ങളിൽ നിന്നുമുള്ള ആദായം എടുത്ത് ആശുപത്രി വികസനങ്ങൾക്ക് വിനിയോഗിക്കാൻ അധികാരമുണ്ടായിരിക്കും.

ഇതിൽ പ്രതിപാദിക്കാത്തതും നിലവിലുള്ളതുമായ മറ്റ് അധികാരങ്ങൾ ഇപ്പോഴത്തേതുപോലെ തുടരേണ്ടതാണ്. പി.എച്ച്.സി., സി.എച്ച്.സി. താലൂക്ക് ആശുപത്രികളുടെ വികസന സമിതി അംഗങ്ങളെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി നാമനിർദ്ദേശം ചെയ്യുന്നതിന് അതാത് സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly